"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 111/2007-ന്മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**G.O.(Rt)No.26/2026/LSGD തീയതി, തിരുവനന്തപുരം, 03-01-2026**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.111/2007 നമ്പർ കേസിന്മേലുള്ള 30/09/2009 തീയതിയിലെ വിധിന്യായം.
2. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള എൽ.എ.അപ്പീൽ 474/2011 നമ്പർ കേസിന്മേലുള്ള 21/11/2011 നമ്പർ കേസിന്മേലുള്ള വിധിന്യായം .
3. സ.ഉ.(അച്ചടി) നം. 32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/11/2025 തീയതിയിലെ എ3/1418/2007/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്.- അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 941 & 941/2 (LA Re.Sy.No.941/2)-ൽപ്പെട്ട 0.73 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 111/2007 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,89,546/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി അഞ്ഞൂറ്റി നാല്പത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 941 & 941/2 (LA Re.Sy.No.941/2)-ൽപ്പെട്ടതും ശ്രീ. രംഗനാഥൻ & ശ്രീ. ശേഷാചലം, ശ്രീ. മുഹമ്മദ് മാഹീൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.73 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 111/2007 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,89,546/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി

അഞ്ഞൂറ്റി നാല്പത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
JOINT SECRETARY

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. രംഗനാഥൻ & ശേഷാചലം, റ്റി.സി.28/2447, എം.ജി. റോഡ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. മുഹമ്മദ് മാഹീൻ, റ്റി.സി.46/512, ജുമ കോട്ടേജ്, പൂന്തുറ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/168/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 03-01-2026 15:57:59
സെക്ഷൻ ഓഫീസർ